പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3299 — 14.10.2011-ൽ മറുപടിയ്ക്ക്

കോങ്ങാട് വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| പാലക്കാട് ജില്ലയിൽ പുതിയതായി രൂപീകരിച്ച കോങ്ങാട് മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | പുതുതായി രൂപീകരിച്ച കോങ്ങാട് മണ്ഡലം കൂടി ഉൾപ്പെടുന്ന പാലക്കാട് ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണം 16-02-2010 ന് പ്രഖ്യാപിച്ചിരുന്നു. 31-03-2011 വരെയുള്ള അപേക്ഷകളിന്മേൽ കണക്ഷനുകൾ കൊടുത്തുതീർത്തിട്ടുണ്ട്.<br>കേരളത്തിലെ ഗ്രാമീണ മേഖലയിലെ ബി. പി. എൽ വീടുകളുടെ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ ആർ. ജി. ജി. വി. വൈ ഇപ്പോൾ പാലക്കാടു ജില്ലയിൽ നടന്നു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ.